| Published Date: | 11 Oct 2017 | Publication: | Kerala Kaumudi |
|---|---|---|---|
| Edition: | Kochi | Page No: | 2 |



ടി.സിഎസ് സംഘടിപ്പിച്ച ഇന്റർ സ്കൂൾ ക്വിസ് മത്സരത്തിൽ വിജയികളായ എളമക്കര സരസ്വതി വിദ്യാനികേതൻ സ്കൂളിലെ ധനഞ്ജയ് ബിയും പ്രത്യൂഷ് പത്മനാഭനും കളക്ടർ മുഹമ്മദ് വൈ. സഫീറുള്ള സമ്മാനം നൽകുന്നു

# ടി.സി.എസ് ക്വിസ്: സരസ്വതി വിദ്യാനികേതന് ഒന്നാം സ്ഥാനം

കൊച്ചി: പ്രമുഖ ഐ.ടി. സേവന, കൺസൾട്ടൻസി സ്ഥാപനമായ ടി.സിഎസ്. സംഘടിപ്പിച്ച ഇന്റർ സ്കൂൾ ക്വിസ് മത്സരത്തിന്റെ കൊച്ചി പതിപ്പിൽ എളമക്കര സരസ്വതി വിദ്യാനികേതൻ സ്കൂളിലെ ധനഞ്ജയ് ബിയും പ്രത്യൂഷ് പത്മനാഭനും വിജയികളായി. 60,000 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളാണ് വിജയികൾക്ക് ലഭിച്ചത്.

നേവി ചിൽഡ്രൺസ് സ്കൂളിലെ അർജ്ജുൻ സുനിലും നന്ദു കൃഷ്ണനും രണ്ടാം സ്ഥാനത്തെത്തി. 40,000 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളാണ് ഇവർക്കു ലഭിച്ചത്. പ്രത്യേകം രൂപകല്പന ചെയ്ത ട്രോഫികളും മെഡലുകളും വിജയികൾക്ക് സമ്മാനിച്ചു. വിജയിച്ച ടീമിന് മുംബെയിലെ ദേശീയ ഫൈനലിൽ പങ്കെടുക്കാം. ജില്ലാ കളക്ടർ കെ. മുഹമ്മദ് വൈ. സഫീറുള്ള സമ്മാനദാനം നിർവഹിച്ചു. ടി.സി.എസ്. കേരളയുടെ വൈസ് പ്രസിഡന്റും ഡെലിവറി സെന്റർ മേധാവിയുമായ ദിനേശ് പി. തമ്പി സന്നിഹിതനായിരുന്നു. ഗിരി പിക്ബ്രെയിൻ ബാലസുബ്രഹ്മണ്യമാണ് മത്സരങ്ങൾ നടത്തിയത്.